

പെയ്ന്റിങ്ങ് : ധനരാജ് കീഴറ

• കാമ്പയിൻ

# നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം

**എസ്. ഉഷ, 'തണൽ'**

**നെല്ല്** ഏഷ്യയുടെ ജീവനാണ്. ഏഷ്യയിലെ ഏതാണ്ടെല്ലാ രാജ്യങ്ങളിലെയും അനേക കോടികളുടെ ജീവന്റെ ആധാരം. സമ്പന്നവും ആശ്ചര്യജനകവുമായ സംസ്കാരങ്ങളുടെ ആധാരശിലകളിലൊന്ന്. ഏഷ്യയിലെ മനുഷ്യരിൽനിന്ന് പിരിച്ചെടുക്കാനാകാത്തവിധം ഇഴുകിച്ചേർന്നിരിക്കുന്നു നെല്ലും ഇതിൽ നിന്നും പിറന്ന മൂല്യധാരകളും. ഇന്ത്യയോ, ചൈനയോ, ബർമ്മയോ, ഫിലിപ്പീൻസോ, വിയത്നാമോ, ജപ്പാനോ, തായാലാന്റോ ഏതു നാടുമാകട്ടെ മറ്റൊരു സസ്യവും ഇത്രമാത്രം ഈ ജനതകളെ സ്വാധീനിച്ചിട്ടില്ല. ലോക ജനസംഖ്യയുടെ പകുതിയിലധികം നെല്ലിനെ ആശ്രയിച്ചു കഴിയുന്നവരാണ്. ഏഷ്യയിലാകട്ടെ 200 കോടി മനുഷ്യർ അവരുടെ 60 ശതമാനത്തിലധികം ഊർജ്ജാവശ്യങ്ങൾക്ക് നെല്ലിനെ ആശ്രയിക്കുകയും ചെയ്യുന്നു. അപ്രകാരം ലോകത്തെ നിലനിർത്തുകയും വികസ്വരരാഷ്ട്രങ്ങളിലെ 100 കോടി മനുഷ്യർക്ക് ജോലി നൽകുകയും ചെയ്യുന്ന നെല്ലിന്റെ അഞ്ചിൽ നാലു ഭാഗവും ഉത്പാദിപ്പിക്കുന്നത് ചെറുകിട കർഷകരാണെന്നു പറയുമ്പോൾ തന്നെ നെല്ലും അടിസ്ഥാന കാർഷിക സമൂഹത്തിന്റെ നിലനിൽപ്പുമായുള്ള ബന്ധം വ്യക്തമാകുന്നു. ഏഷ്യയിലെങ്ങും ചിതറികിടക്കുന്ന ഈ ചെറുകിടകർഷകരെയാണ് നവലോകവ്യവസ്ഥയുടെ ദോഷവശങ്ങൾ ഏറ്റവുമധികം ബാധിച്ചിട്ടുള്ളത്. ഹരിതവിപ്ലവവും, വൻകിട പദ്ധതികളും, ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവത്ക്കരണ-സ്വകാര്യവത്കരണ നയങ്ങളും ജനിതക സാങ്കേതിക വിദ്യയുമെല്ലാം ചെറുകിട കർഷകരെ തന്റെ വഴിയിൽ നിന്നും തെറ്റിച്ചിട്ടുണ്ട്. പരമ്പരകളായി, നൂറ്റാണ്ടുകളായി, തങ്ങൾ തുടർന്നുപോന്ന നെൽകൃഷിയും സംസ്കാരവും നശിക്കുന്നത് ഏഷ്യൻ ജനതയെ ഉലച്ചുകൊണ്ടിരിക്കുന്നു. ഗ്രാമീണ ജീവിതത്തോടൊപ്പം ഏഷ്യയുടെ നെല്ലും നാമാവശേഷമാകുവാനിടയുണ്ട്.

തെക്കുകിഴക്കേഷ്യയുടെ മുല്ലപ്പൂഗന്ധമുള്ള ജാസ്മിൻ റൈസ്, നമ്മുടെ സുഗന്ധനെല്ലുകളായ ബസ്മതി ഇനങ്ങളോടൊപ്പം ലോക വിപണിയിൽ പ്രിയപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ബസ്മതിയോടൊപ്പം ഇതും ലോക വ്യാപാരക്കരാർ - ബൗദ്ധികസ്വത്തവകാശ നിയമങ്ങളും പേറ്റന്റ് നിയമങ്ങളും ഉയർത്തുന്ന നിരന്തര ഭീഷണിയിലാണ്. 'സുഗന്ധമില്ലാത്ത' മറ്റുനാടൻ ഇനങ്ങളാകട്ടെ അത്യുത്പാദന - സങ്കര ഇനങ്ങളുടെ പരസ്യങ്ങളിൽ എന്നെന്നേയ്ക്കുമായി ഇല്ലാതാവുകയും ചെയ്യുന്നു.

ഇന്ന് ഏഷ്യയിൽ കൃഷി ചെയ്യുന്ന മിക്ക നവീന നെൽവിത്തിനങ്ങളും 'തായ്ചുങ്ങ് നേറ്റീവ്' തുടങ്ങിയ, വിരലിലെണ്ണാവുന്ന ഇനം അത്യുത്പാദകരുടെ സന്തതികളാണ്. ഭാരതത്തിൽ മാത്രം 2 ലക്ഷത്തിലധികം നാടൻ നെൽവിത്തിനങ്ങളുണ്ടായിരുന്നു എന്നോർക്കുമ്പോൾ ഈ പുത്തൻ വിത്തുകൾ വരുത്തിയ ഭീമനഷ്ടത്തിന്റെ ആഴവും പരപ്പും നമുക്കു മുന്നിൽ പേടിസ്വപ്നമായി പിറക്കുന്നു. ആർക്കോ സ്ഥിതിവിവരകണക്കുകൾ ഭംഗിയാക്കാൻ വേണ്ടി ആരോ തീരുമാനിച്ചപ്രകാരം കൃഷിചെയ്ത്, നമ്മൾ ഹിമാലയൻ അബദ്ധങ്ങൾക്ക് ഇതിനകം ഇരകളായിക്കഴിഞ്ഞു. ഇനി പുത്തൻ 'വികസന' പദ്ധതികൾക്കും ജനിതക സാങ്കേതിക വിദ്യകൾക്കും കളരിയാകാനുള്ളതല്ല ഏഷ്യയുടെ നെൽവയലുകൾ.

ഏഷ്യയിലെങ്ങും നെൽകർഷകർ തങ്ങളെ ഞെരുക്കുന്ന പ്രതിസന്ധികളോട് പോരാടുകയാണ്. എങ്ങനെയും നെല്ലിനെ സംരക്ഷിക്കേണ്ടത് തങ്ങളുടെ ആവശ്യമാണെന്ന് സമൂഹങ്ങൾ തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ടെന്നത് ആശാവഹമാണ്.

ഏഷ്യയെ ഒന്നിച്ചു നിർത്തുന്ന നെൽകൃഷിയും സംസ്കാരവും ഈ വിശാല ഭൂഖണ്ഡത്തിലെങ്ങും തകർച്ചയെ നേരിടുമ്പോൾ, അതിന്റെ മൂലകാരണങ്ങളിലേക്ക് പോകാനും

നെല്ലിനെ നിലനിർത്താനുമുള്ള ഒരു പ്രസ്ഥാനവും ഉടലെടു ത്തിരിക്കുകയാണ്. ഏഷ്യയിലെങ്ങുമുള്ള സംഘടനകളും കർഷകരും വ്യക്തികളും ശാസ്ത്രജ്ഞരും ഒക്കെതന്നെ 'സേവ് ഔവർ റൈസ്' എന്ന സന്ദേശമുയർത്തിക്കൊണ്ട് ഒത്തുചേരുകയാണ്. നെൽകൃഷിയിൽ താത്പര്യമുള്ള മറ്റെല്ലാവരും-ഉപഭോക്താക്കളും, മാദ്ധ്യമപ്രവർത്തകരും, വിദ്യാർത്ഥികളും, അദ്ധ്യാപകരും - നെല്ലിന്റെ നിലനിൽപ്പിന്റെ മാർഗ്ഗങ്ങൾ തേടാനായി ഈ പ്രചാരണ പ്രവർത്തനത്തിൽ പങ്കാളികളാകുന്നു.

**അന്താരാഷ്ട്ര നെൽവർഷം 2004**


അന്താരാഷ്ട്ര നെൽവർഷമാണെന്ന് ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയുൾപ്പെടെ 43 രാജ്യങ്ങളും യു. എൻ.ഒ. യുടെ ഭക്ഷ്യ കൃഷി സംഘടനയായ എഫ്.എ.ഒ ഉൾപ്പെടെ 17 സംഘടനകളും ഇതിൽ പങ്കാളികളാണ്. പട്ടിണി, പോഷകക്കുറവ്, ദാരിദ്ര്യം, സംഘർഷങ്ങൾ എന്നിവയാണ് ഈ തീരുമാനത്തിന് പുറകിൽ എന്നു ഭക്ഷ്യ കൃഷി സംഘടന പ്രസ്താവിക്കുന്നു. "ലോകത്തിന്റെ പകുതിയിലധികം ജനങ്ങളെ നിലനിർത്തുകയും ദശലക്ഷക്കണക്കിന് ഉത്പാദകർക്കും കച്ചവടക്കാർക്കും വരുമാനം നൽകുകയും ചെയ്യുന്ന ഈ ധാന്യവിളയുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുക" എന്നതാണ് അന്താരാഷ്ട്ര നെൽവർഷാചരണത്തിന്റെ ലക്ഷ്യം. 'നെല്ല് ജീവിതം തന്നെ' എന്നാണ് ഭക്ഷ്യ കൃഷി സംഘടന ഉയർത്തുന്ന വാക്യം. നെല്ലും അനുബന്ധങ്ങളായ സംവിധാനങ്ങളും സംസ്കാരങ്ങളും ജീവിതരീതികളും ഭക്ഷ്യസുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം. ജീവിത നിലവാരമുയർത്തൽ എന്നിവയ്ക്ക് ആവശ്യമാണെന്ന് ഭക്ഷ്യ കൃഷി സംഘടന തിരിച്ചറിയുന്നു.

ഇതിനുമുമ്പ് അന്താരാഷ്ട്ര നെൽവർഷമായിരുന്നത് 1966-ാണ്. ഹരിതവിപ്ലവം വിതച്ച നാശത്തിന് തുടക്കമിട്ട ഐ. ആർ. 8 എന്ന നെൽവിത്ത് പുറത്തിറങ്ങിയ വർഷം. സ്വർണ്ണ അരി എന്ന പേരിൽ ഭാരതത്തിൽ വൈറ്റമിൻ - എ ജീൻ ഘടിപ്പിച്ച ജനിതക അരി വില്പനക്ക് എത്തിക്കാനും കൃഷി ചെയ്യിക്കാനും രാജ്യത്തിനകത്തും പുറത്തും ശ്രമം നടക്കുന്നുണ്ട്. 2004-ലെ അന്താരാഷ്ട്ര നെൽവർഷം ജനിതകമാറ്റം ചെയ്ത നെൽവിത്തിന്റെ ഉദ്ഘാടന വർഷമാവാനുള്ള സാദ്ധ്യത നിലവിലുണ്ട്.

ഈ ആഗോളനെൽവർഷത്തിൽ തന്നെ ഏഷ്യൻ ജനത നെല്ലിനായി 'സേവ് റൈസ് ക്യാംപെയ്നി' ന്റെ ഭാഗമാവുന്നത് ചരിത്രപ്രാധാന്യമർഹിക്കുന്നു. നെല്ലിന്റെ നിലനിൽപ്പാഗ്രഹിക്കുന്ന എല്ലാവരും, ഏഷ്യയിലെ ഓരോ രാജ്യത്തിലും അതത് ദേശങ്ങളുടെ നെൽ സംസ്കാരത്തിന്റെ സംരക്ഷണത്തിനായി ഒരുമിക്കുമ്പോൾ, അതൊരു ആഗോള സംഭവമാകും. ദേശ - ഭാഷ - ജാതി - മത - സംസ്കാരങ്ങൾ തീർക്കുന്ന മതിലുകൾക്കുമപ്പുറം നിലനിൽപ്പിനായുള്ള, സ്വത്വത്തിനായുള്ള കൂടിച്ചേരൽ. പെട്ടെന്നു മാറുന്ന ലോക വ്യവസ്ഥയുടെ അപനയങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള നെൽക്കർഷകന്റെയും ബന്ധപ്പെട്ട ജീവിതങ്ങളുടെയും ഈ ശ്രമത്തിൽ നമ്മളും പങ്കാളികളാകേണ്ടത് ആവശ്യമാണ്.

**നെല്ല് ഭാരതത്തിൽ**

ഭാരതത്തിലെ പരമ്പരാഗത നെൽപ്രദേശങ്ങളിൽ നെൽകൃഷി ഇല്ലാതാവുകയും സുദൃഢമായ മറ്റു കൃഷി സമ്പ്രദായങ്ങൾ നിലവിലുള്ള പ്രദേശങ്ങളിലേക്ക് നെല്ല് കടന്നുകയറുകയും ചെയ്യുന്ന വിചിത്ര പ്രതിഭാസമാണ് നമ്മൾ കാണുന്നത്.



വര : വി.എസ്. ഗിരീശൻ

കേരളം, ബംഗാൾ, തമിഴ്നാട്, ആന്ധ്ര, ഛത്തീസ്ഗഢ് തുടങ്ങിയ എല്ലാ പരമ്പരാഗത നെൽ സംസ്ഥാനങ്ങളിലും നെല്ല് പല മാനങ്ങളിലുമുള്ള അപകടം നേരിടുന്നുണ്ട്. ഈ സംസ്ഥാനങ്ങളിലെല്ലാം നെല്ലിനും നെൽ സംസ്കാരത്തിനും ആഴത്തിൽ വേരോട്ടമുണ്ട്. ഈ ജനതകളെ നിലനിർത്തുന്നതും ഒരുമിച്ചു നിർത്തുന്നതും നെല്ലു തന്നെയാണ്.

പഞ്ചാബും, ഹരിയാനയും നെൽകൃഷി ചെയ്യുന്നത് കേന്ദ്ര സർക്കാർ ഗോഡൗണുകളിലേക്ക് കൊടുക്കാനും കയറ്റുമതി ചെയ്യാനും മാത്രമാണ്. സർക്കാരിന്റെ സംഭരണത്തെയും വിദേശ വിപണിയെയും മാത്രം ആശ്രയിക്കുന്ന ഇവിടങ്ങളിലെ, പ്രത്യേകിച്ച് പഞ്ചാബിലെ നെൽകർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ ചില്ലറയല്ല. തങ്ങളുടെ പരമ്പരാഗത കൃഷികളെ പുറന്തള്ളിയതിനുള്ള ശിക്ഷ!

ഇന്ന് ഏറ്റവും വിലകുറഞ്ഞ ഭൂമിയായി കണക്കാക്കപ്പെടുന്നത് നെല്ലും മറ്റു ധാന്യങ്ങളും വിളയുന്ന ഭൂമിയാണ്. നാണ്യവിളകളുടെ തള്ളിക്കയറ്റം, വ്യവസായ-നഗരവത്ക്കരണം, ജലദൗർലഭ്യവും ജലസംബന്ധിയായ പ്രശ്നങ്ങളും തുടങ്ങി നെല്ലിനേയും മറ്റു ഭക്ഷ്യവിളകളേയും തകർക്കാൻ പോന്ന പ്രതിബന്ധങ്ങളേറെയാണ്. സംസ്ഥാന സർക്കാരുകൾ കരാർ-കൃഷിയിലേക്കും മറ്റും തിരിയാനായുന്നതോടെ കുത്തകവത്കരണത്തിന്റെ ഭീഷണികളും ഉയർന്നിരിക്കുന്നു.


കേരളത്തിലാകട്ടെ നെല്ല് രാജ്യത്തെ മറ്റേതു സംസ്ഥാനത്തെക്കാളും പ്രശ്നങ്ങളെ നേരിടുകയാണ്.

**കേരളം - നെൽകൃഷി സമ്പൂർണ്ണ നാശത്തിലേക്ക്**

'നെല്ലിൻ തണ്ടുമണക്കും വഴികളും എള്ളിൻ നാമ്പുകുരുക്കും വയലുകളു' മില്ലാതെ കേരളമില്ല എന്നതു സത്യം. ഈ നാടിനെ നിലനിർത്തിയത്, വളർത്തിയത്, രൂപപ്പെടുത്തിയത് എല്ലാം നെല്ലാണ്. നെല്ലരിയില്ലാതെ നമുക്ക് ജീവിതമില്ല. ആചാരമില്ല, ഉത്സവങ്ങളില്ല. കേരളത്തിന്റെ (ഭൂപ്രകൃതിയുടെ) അനിതരസാധാരണമായ വൈവിദ്ധ്യം നെല്ലിന്റെ വൈവിദ്ധ്യത്തിന് നിദാനമായിട്ടുണ്ട്. നാഞ്ചിനാട് മുതൽ കായ്പ്പാട് വരെ, വയനാട് മുതൽ കുട്ടനാടു വരെ നമ്മൾ നിലനിർത്തിപ്പോന്ന അപാരവൈവിദ്ധ്യമുള്ള കൃഷി സമ്പ്രദായങ്ങൾ നമ്മുടെ പത്തായം നിറച്ചു തന്നിരുന്നു. നമ്മുടെ ജീവിതം, ഭാഷ, ആചാരങ്ങൾ, സംഗീതം, പ്രകൃതിവിജ്ഞാനം, പാരസ്പര്യം, സാമൂഹ്യബന്ധങ്ങൾ ഇവയൊക്കെ ഉരുത്തിരിഞ്ഞു വന്നത് നെല്ലിലൂടെയാണ്. പച്ചയുടെ ഓളങ്ങൾ തീർക്കുന്ന, ചേറും കതിരും മണക്കുന്ന അതിരെത്താപാടങ്ങൾ എന്നും നമ്മുടെ ഞരമ്പുകളെ ത്രസിപ്പിക്കുന്നവയാണ്. നെല്ലും നെൽപ്പാടങ്ങളും കേരളനാടിന്റെ ഹൃദയമാ

ണ്. നെല്ലിനെ വിശദീകരിക്കാൻ ഒരുമ്പെടുന്നതു സാഹസം തന്നെ.

ആനമുടിയുടെ തലയെടുപ്പിൽ നിന്നും കുട്ടനാടിന്റെ ചതുപ്പുകളിലേക്കുള്ള ദൂരം അറുപതിൽ താഴെ കിലോമീറ്ററുകൾ മാത്രമാണ്. അപ്രകാരം കടലിലേക്ക് കുത്തനെ ചാഞ്ഞിറങ്ങുന്ന ഒരു നാട്ടിൽ, 41 ചെറുനദികൾ അറബിക്കടലിലേക്ക് അതിവേഗം ഒഴുകിയിറങ്ങുന്ന ഒരു നാട്ടിൽ, വിശാലമായ നെൽപ്പാടങ്ങൾ സംഭരിച്ചു നിർത്തി ഭൂഗർഭ ജലവിതാനമുയർത്തിയിരുന്നു എന്നത് ഒരു പഴങ്കഥയാവാൻ സാധ്യതയുണ്ട്. ഇത് ഇന്നത്തെ ഉണങ്ങി വരണ്ട കേരള ഗ്രാമങ്ങൾക്ക് വേദനയുള്ള തിരിച്ചറിവാണ്. 1960കളിൽ 778910 ഹെക്ടർ (1960 -61) നെൽകൃഷി കേരളത്തിലുണ്ടായിരുന്നു. ഇത് 1975 ആയതോടെ പരമാവധിയായ 884969 ഹെക്ടറായി ഉയരുകയും പൊടുന്നെയെന്നോണം 310521 ഹെക്ടർ (2002 -03) ലേക്ക് തകർന്നടിയുകയും ചെയ്തു. സ്ഥിതിവിവരകണക്കുകൾക്കുമപ്പുറം ഒരു ജനതയുടെ തകർച്ചയാണിതു സൂചിപ്പിക്കുന്നത്. കൃഷിയുടെ താളത്തിൽ ഞാറ്റുവേലയുടെ കൃത്യതയിൽ, മാത്രം ജീവിച്ച ഒരു സംസ്കാരത്തിന്റെ തകർച്ച. പച്ചവിരിച്ച നെൽപ്പാടങ്ങൾ ടൂറിസം ബ്രോഷറിലേക്ക് മാത്രമൊതുങ്ങുന്ന ദുരന്തം.



*തണൽ, എൽ-14, ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം*
*ഫോൺ : 0471-2727150, e-mail : saverice@thanal.org*

*(തുടരും)*

*(പേജ് 7 ൽ നിന്ന് തുടർച്ച)*

**ചോ: പരിസ്ഥിതി പ്രശ്നം മാത്രമാണോ യഥാർത്ഥത്തിൽ നാം നേരിടുന്നത് ? സ്ത്രീകളുടെ പ്രശ്നങ്ങൾ, ആദിവാസി പ്രശ്നങ്ങൾ ?**

ഉ: സ്ത്രീകളെ സാമൂഹിക പ്രശ്നങ്ങളിൽ നിന്ന് അകറ്റി നിർത്തി എന്നതാണ് നാം ചെയ്ത തെറ്റ്. സ്ത്രീകളേയും ആദിവാസികളേയുമെല്ലാം മുഖ്യധാരയിലേക്കു കൊണ്ടുവരണം. വനനശീകരണത്തിനെതിരായ എല്ലാ നീക്കങ്ങൾക്കും മുൻകൈയെടുത്തത് സ്ത്രീകളായിരുന്നു. മദ്യത്തിനെതിരായും എത്രമാത്രം ഫലപ്രദമായി പ്രവർത്തിക്കാമെന്ന് അവർ കാട്ടിത്തന്നിട്ടുണ്ട്.

**ചോ: പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ എഴുതാത്തതെന്താണ് ?**

ഉ: എഴുതുന്നതിനേക്കാൾ നേരിൽ പറയുക എന്നതിനാണ് പ്രധാനം. ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളുമായി നേരിൽ സംവദിക്കുകയാണ് വേണ്ടത്. അപ്പോൾ അത് പറയുക എന്നതിനപ്പുറം പ്രവർത്തനം കൂടിയായി മാറുന്നു. ഗാന്ധിയും ക്രിസ്തുവുമെല്ലാം ആ വഴിയാണ് തെരഞ്ഞെടുത്തത്. അതുകൊണ്ടാണവർക്ക് സാധാരണക്കാരനുമായി താദാത്മ്യം പ്രാപിക്കാനായത്.

**ചോ: ഇന്ത്യയിലെ മാധ്യമങ്ങൾ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് എത്രമാത്രം പ്രാധാന്യം നൽകുന്നു ?**

ഉ: മാധ്യമങ്ങൾ മുഖ്യധാരാ രാഷ്ട്രീയത്തിനാണ് പ്രാധാന്യം നൽകുന്നത്. ദുർബലന്റെ ശബ്ദത്തെ അവഗണിക്കുന്നു.

പരിസ്ഥിതി പ്രശ്നങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാത്ത വാർത്തകളായി മാറുന്നു. പത്രപ്രവർത്തനം 'പ്രൊഫഷൻ' എന്ന നിലയിൽനിന്ന് 'മിഷൻ' ആയി മാറണം.

**ചോ: എന്താണ് നൽകാനുള്ള സന്ദേശം ?**

ഉ: സമാധാനം, സന്തോഷം, സാക്ഷാത്കാരം ഈ മൂന്നു കാര്യങ്ങൾ വഴി നാം നേരിടുന്ന പ്രശ്നങ്ങളെ മറികടക്കാവുന്നതേയുള്ളൂ. അതുനേടിയെടുക്കുന്നതിനാവശ്യമായ മനോഭാവം മനുഷ്യരിൽ വളർത്തിയെടുക്കുകയാണ് വേണ്ടത്.

*കടപ്പാട് : ബിജുരാജ്*

ആശംസകളോടെ

**ആരോഗ്യകരവും സ്വതന്ത്രവും നീതിയുക്തവുമായ മെച്ചപ്പെട്ട മറ്റൊരു ലോകത്തിന്**

കേരളീയം

# കലവറ

**ഗ്രീൻ ചാനൽ & ഇക്കോ ഷോപ്പ്**

C/o. കേരളീയം, മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്. കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9447674375
e-mail : keraleeyam_kalavara@rediffmail.com

**നാട്ടുല്പന്നങ്ങൾക്കും പരിസ്ഥിതി സൗഹൃദവസ്തുക്കൾക്കുമായി ഒരിടം**